# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4758   27.10.2016 ൽ മറുപടിക്ക്**

**റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം | | ശ്രീ ജി സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) | പൊതുമരാമത്ത് വകുപ്പ് റോഡുകളിലെ കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | പി.ഡബ്ല്യൂ.ഡി. റോഡുകളുടെ വശങ്ങളിൽ സ്ഥിരമായി നിർമ്മാണ സാമഗ്രികൾ, തൊണ്ടി വാഹനങ്ങൾ തുടങ്ങിയവ ഇടുന്നതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | ബി) & സി) | പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ വശങ്ങളിൽ സ്ഥിരമായി നിർമ്മാണ സാമഗ്രികൾ, തൊണ്ടി വാഹനങ്ങൾ തുടങ്ങിയവ ഇടുന്നതുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം കൈയ്യേറ്റങ്ങൾ ശ്രദ്ധയിൽ പ്പെടുമ്പോൾ തന്നെ അവ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ പൊതു മരാമത്ത് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനടയാത്രക്കാർക്കും വാഹനങ്ങൾക്കും സുരക്ഷിത യാത്ര സാധ്യമാക്കുന്നതിനും വേണ്ടി **Kerala Highway Protection Act** ബാധകമാക്കി സ.ഉ.(കൈ)നം.**63/2016/**പൊമവ തീയതി **03.09.2016** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം സംസ്ഥാനത്തെ പൊതുമരാമത്ത് വകുപ്പ് റോഡുകൾ സംരക്ഷിക്കുന്നതിനും കാൽനട യാത്രക്കാർക്കും വാഹന ങ്ങൾക്കും സുരക്ഷിത യാത്ര |
| സി) | ഇത്തരം റോഡ് കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് വേണ്ടി ചെയ്ത നടപടികൾ വ്യക്തമാക്കുമോ? | | |

സാധ്യമാക്കുന്നതിനും സംസ്ഥാനത്തെ ദേശീയപാതയും, സ്റ്റേറ്റ് ഹൈവേയും, പ്രധാന റോഡുകളും 1999ലെ **State Highway Protection Act (Section 3)** പ്രകാരമുള്ള ഹൈവേ ആയി പ്രഖ്യാപിച്ച് സംരക്ഷിച്ചുകൊണ്ടും ടി കാര്യങ്ങളുടെ നിരീക്ഷണത്തിനായി ദേശീയപാതയുടെ പരിധിയിൽ വരുന്ന റോഡുകളുടെ ഹൈവേ അതോറിറ്റിയായി എക്സി. എഞ്ചിനീയർ (എൻ എച്ച്) നേയും സ്റ്റേറ്റ് ഹൈവേയുടെയും പ്രധാനപ്പെട്ട ജില്ലാറോഡുകളുടെയും ഹൈവേ അതോറിറ്റിയായി നിരത്തുകളും പാലങ്ങളും വിഭാഗം എക്സി. എഞ്ചിനീയറെയും 1999ലെ **State Highway Protection Act (Section 4)** പ്രകാരം നിയമിച്ചും ഉത്തരവായിട്ടുണ്ട്. കൂടാതെ പൊതുമരാമത്ത് റോഡുകളിലെ കൈയ്യേറ്റങ്ങൾ അപ്പപ്പോൾ തന്നെ കണ്ടെത്തുന്നതിനും അവ ഒഴിവാക്കുന്നതിനുമുള്ള റോഡ് പരിശോധന എഞ്ചിനീയർമാർ കൃത്യമായി നടത്തുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ച പരാതികൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നൽകാവുന്നതും യഥാസമയം നടപടി സ്വീകരിക്കാതിരുന്നാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അതിന് ഉത്തരവാദിയാകുന്നതും നടപടി സ്വീകരിക്കുന്നതുമാണ്.

സെക്ഷൻ ഓഫീസർ